# കേരകർഷകരുടെ പ്രതിസന്ധിക്ക് നീര പരിഹാരമാകും: മുഖ്യമന്ത്രി



നീര ഉത്പാദിപ്പിക്കുന്നതിനുള്ള ലൈസൻസ് വിതരണം ചെയ്തശേഷം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് മന്ത്രി കെ. ബാബു നീരയിൽ നിന്ന് ഉത്പാദിപ്പിച്ച കേക്ക് നൽകുന്നു. നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ്, എംഎൽഎമാരായ ലൂഡി ലൂയിസ്, ഹൈബി ഈഡൻ, ഡൊമിനിക് പ്രസന്റേഷൻ, കെ.വി. തോമസ് എംപി എന്നിവർ സമീപം.

**കൊച്ചി:** സംസ്ഥാനത്തെ കേരകർഷകർ നേരിടുന്ന പ്രതിസന്ധിക്കു പരിഹാരമാകാൻ നീരയുടെ ഉത്പാദനം വഴിയൊരുക്കുമെന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. നീര ഉത്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള ലൈസൻസ് ഫെഡറേഷനുകൾക്കു കൈമാറുന്ന ചടങ്ങ് എറണാകുളം ഫൈൻ ആർട്സ് ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

റബർ, തെങ്ങ്, നെല്ല് തുടങ്ങിയ കേരളത്തിന്റെ പ്രധാന കൃഷികളെല്ലാം പല വിധത്തിലുള്ള പ്രധിസന്ധികൾ നേരിട്ടപ്പോൾ സംസ്ഥാനം സാമ്പത്തികമായി തളർന്നിട്ടുണ്ട്. എന്നാൽ നീരയുടെ ഉത്പാദനം ആരംഭിച്ചതോടെ കേരകർഷകർ നേരിടുന്ന പ്രതിസന്ധി അവസാനിക്കുകയും അവരുടെ സാമ്പത്തികനില മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതുവരെ നടപ്പാക്കിയ പദ്ധതികളിൽ തനിക്ക് ഏറ്റവുമധികം സംതൃപ്തി ലഭിച്ച ഒന്നാണ് നീര ഉത്പാദന പദ്ധതിയെന്നും 100 കൊല്ലത്തിലധികം പഴക്കമുള്ള അബ്കാരി നിയമത്തിന് മാറ്റം വരുത്തി എടുത്ത തീരുമാനം കർഷകർക്ക് ഏറെ പ്രയോജനപ്രദമാണെന്നും അദ്ദേഹം പറഞ്ഞു.

ജില്ലകളെ പ്രതിനിധീകരിച്ച് ഒൻപത് ഫെഡറേഷൻ പ്രതിനിധികൾക്ക് മുഖ്യമന്ത്രി ലൈസൻസ് കൈമാറി. ഇതോടെ ജില്ലയിൽ നീര ഉത്പാദിപ്പിക്കുന്ന ഫെഡറേഷനുകളുടെ എണ്ണം 309 ആയി. ചടങ്ങിൽ നീര സംസ്കരണ പ്ലാന്റിനുള്ള സബ്സിഡി വിതരണവും മുഖ്യമന്ത്രി നിർവഹിച്ചു. മന്ത്രി കെ. ബാബു അധ്യക്ഷത വഹിച്ചു. നീരയിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങളുടെ വിതരണം പ്രഫ. കെ.വി. തോമസ് എംപി നിർവഹിച്ചു.

എംഎൽഎമാരായ ഹൈബി ഈഡൻ, ഡൊമിനിക് പ്രസന്റേഷൻ, ബെന്നി ബഹനാൻ, ലൂഡി ലൂയിസ്, മേയർ ടോണി ചമ്മണി, നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ്, ഹോർട്ടികോർപ് ചെയർമാൻ ലാൽ വർഗീസ് കൽപകവാടി, ജോയിന്റ് എക്സൈസ് കമ്മീഷ്ണർ ഡി. സന്തോഷ്, നീര കർഷകരുടെ പ്രതിനിധി ബാബു ജോസഫ്, എസ്സിഎംഎസ് ബയോസയൻസ് ഗവേഷണ വിഭാഗം ഡയറക്ടർ സി. മോഹൻകുമാർ തുടങ്ങിയവർ സംബന്ധിച്ചു.